## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2839 — 22-06-2012 ലെ മറുപടിക്ക്.

### പദ്ധതികളുടെ പൂർത്തികരണത്തിനുണ്ടായ കാലതാമസം

ചോദ്യം — ഉത്തരം.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി.

ശ്രീ. കെ.സി. ജോസഫ്
(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി).

(എ) പല പദ്ധതികളുടെയും പൂർത്തീകരണത്തിനുണ്ടാകുന്ന കാലതാമസം മൂലം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ആസൂത്രണ വകുപ്പിന്റെ പഠനത്തിന് വിധേയമായിട്ടുണ്ടോ;

(എ) കാലതാമസം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പ്രത്യേകിച്ച് പഠനത്തിന് വിധേയമാക്കിയിട്ടില്ല. എന്നാൽ പ്രധാനപ്പെട്ട പദ്ധതികളുടെ ഗുണഫലങ്ങളെ പഠന വിധേയമാക്കാറുണ്ട്.

(ബി) പ്രോജക്ടുകൾ നിശ്ചിത സമയത്തും അംഗീകരിച്ച തുകയ്ക്കും പൂർത്തീകരിക്കുന്നതിന് പുതുതായി എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്ത മാക്കുമോ?

(ബി) **i)** പ്രോജക്ടുകൾ നിശ്ചിതസമയത്തും അംഗീകരിച്ച തുകയ്ക്കും നടപ്പിലാക്കുന്നതിലേക്ക് ഭരണാനുമതി നൽകുന്നതിലേക്കായി നിലവിലുള്ള വർക്കിംഗ്ഗ്രൂപ്പുകളുടെ പദ്ധതികൾ പരിശോധിക്കുന്നതിനുള്ള ഉയർന്ന അടങ്കൽ പരിധി 3 കോടിയിൽ നിന്നും 5 കോടിയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ പങ്കെടുക്കണമെന്നും പ്രതിനിധിയെ അയക്കുവാൻ പാടില്ലായെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ii)** പദ്ധതിനിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി ജൂൺ 30 വരെ 10%, സെപ്റ്റംബർ 30 വരെ 40%, ഡിസംബർ 31 വരെ 70%, മാർച്ച് 31 വരെ

100% (മാർച്ച് മാസം മാത്രമായി 10%) എന്നിങ്ങനെ സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് പരിധി നിശ്ചയി-ച്ചിട്ടുണ്ട്.

**iii)** പദ്ധതി നിർവ്വഹണത്തിന്റെ മാസം തോറുമുള്ള പുരോഗതി റിപ്പോർട്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽകൂടുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ മാസം തോറുമുള്ള അവലോകനയോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.

സെക്ഷൻ ഓഫീസർ.